**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാരായ ശ്രീ.എ.ഫെയ്സി, ശ്രീ.ബി.അനീഷ് എന്നിവർ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3238/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി,24.12.2018**

---

പരാമർശം:
1. സ.ഉ.(സാധാ)നം.2460/2018/തസ്വഭവ തീയതി 19.09.2018.
2. സ.ഉ.(സാധാ)നം.2625/2018/തസ്വഭവ തീയതി 12.10.2018.
3. ഗ്രാമവികസന കമ്മീഷണറുടെ 02.11.2018-ലെ 413/എസ്റ്റാ.എ1/2018/സിആർഡി(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമ വികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാരായ ശ്രീ.എ.ഫെയ്സിയുടെയും, ശ്രീ.ബി.അനീഷിന്റെയും സംസ്ഥാന ലൈഫ് മിഷനിലെ പ്രോഗ്രാം മാനേജർ തസ്തികയിലുള്ള അന്യത്രസേവനം പരാമർശം(1) ഉത്തരവ് പ്രകാരം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുകയും, മേൽ ഉദ്യോഗസ്ഥർ 24.09.2018 വൈകുന്നേരം സംസ്ഥാന ലൈഫ് മിഷനിൽ നിന്നും വിടുതൽ ചെയ്ത് 25.09.2018 രാവിലെ ഗ്രാമവികസന വകുപ്പിൽ ജോലിക്കായി റിപ്പോർട്ട് ചെയ്യുകയും, പരാമർശം(2) ഉത്തരവ് പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ, ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നീ തസ്തികകളിൽ നിയമിച്ചുത്തരവാകുകയും, അവർ 15.10.2018 രാവിലെ മുതൽ മേൽ തസ്തികകളിൽ ചുമതലയേൽക്കുകയും ചെയ്തിരുന്നുവെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ 25.09.2018 മുതൽ 15.10.2018 വരെ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാരായ ശ്രീ. എ. ഫെയ്സിയും ശ്രീ. ബി. അനീഷും നിയമനത്തിനായി കാത്തുനിന്ന 25.09.2018 മുതൽ 14.10.2018 വരെയുള്ള കാലയളവ് കെ. എസ്. ആർ. ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ